പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2370

8-12-2015 ൽ മറുപടിക്ക്

## പൊതുമേഖലാ - സ്വയംഭരണ സ്ഥാപനങ്ങളിലെ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | | **ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** | |
| (എ) | വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെയും സ്വയംഭരണ സ്ഥാപനങ്ങളിലെയും എല്ലാ സ്ഥിര നിയമനവും പി.എസ്.സി വഴിയാക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എന്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കമോ; | (എ | പൊതുമേഖലാ സ്ഥാപനങ്ങൾ അർദ്ധസർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ സ്ഥിരനിയമനം സംബന്ധിച്ച് ഈ വകുപ്പിൽ ലഭ്യമായ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖല, അർദ്ധസർക്കാർ, സ്വയം ഭരണ സ്ഥാപനങ്ങളിലെ വർക്കർ തസ്തികയും, ഐ.സി.ഡബ്ല്യു.എ / കമ്പനി സെക്രട്ടറിഷിപ്പ് തുടങ്ങിയ പ്രൊഫഷണൽ യോഗ്യതകൾ വേണ്ട ഉയർന്ന തസ്തികകളും പ്രൊമോഷൻ മുഖാന്തിരം നികത്തുന്ന തസ്തികകളുമൊഴികെ നേരിട്ടു നിയമനം നടത്തുന്നതി ന് വ്യവസ്ഥ ചെയ്തിട്ടുള്ള മറ്റെല്ലാ തസ്തികകളിലെയും നിയമനം പി.എസ്.സിയ്ക്ക് വിടണമെന്ന് 27/2/2006-ലെ 5367/എച്ച്1/2006/വ്യവ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. വർക്കർ തസ്തികകളിലേക്കുള്ള നിയമനം എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന സംവരണ നിയമങ്ങൾ പാലിച്ചു മാത്രമേ നടത്താവൂ എന്നും നിഷ്കർഷിച്ചി ട്ടുണ്ട് |

Manu

സെക്ഷൻ ഓഫീസർ

49

Bronmlmo



The General Manager, K.S.R.T.C. (with C.L.)
The Accountant General (A&E/Audit) Kerala, (with C.L.)
The Advocate General, Ernakulam.
The Private Secretary to the Chief Minister and other Ministers.
The Secretary to the Governor, Raj Bhavan, Thiruvananthapuram.
The Private Secretary to the Speaker, Legislative Assembly, Thiruvananthapuram.
The Private Secretary to the Leader of Opposition, Contonment House, Thiruvananthapuram.
The Under Secretary to Chief Secretary.

Copy to :

The Planning and Economic Affairs (BRE) Department.
The Industries (H&E) Department.
The Director of Public Relations.

---

Kerala Gazette No. 14 dated 6th April 1993,
PART I Section iv

## GOVERNMENT OF KERALA

### Personnel and Administrative Reforms (Advice-C) Department

### NOTIFICATION

G. O. (MS) No. 13/93/P&ARD. *Thiruvananthapuram, 3rd February* 1993.

**S. R. O. No. 656/93.**—In exercise of the powers conferred by section ... of the Kerala Public Service Commission (Additional Functions as Respects Certain Corporations and Companies) Act, 1970 (19 of 1970), the Government of Kerala hereby make the following rules further to amend the Kerala Public Service Commission (Consultation by Corporations and Companies) Rules, 1971, namely:—

RULES

1. *Short title and commencement.*—(1) These rules may be called the Kerala Public Service Commission (Consultation by Corporations and Companies) Amendment Rules, 1993.

(2) They shall come into force at once.

2. *Amendment of the rules.*—In the Kerala Public Service Commission (Consultation by Corporations and Companies) Rules, 1971, in clause (d) of rule 2, after item (LVI), the following items shall be added, namely:—

(LVII) Keltron Counters Limited.
(LVIII) Keltron Electro Ceramics Limited.
(LIX) Keltron Crystals Limited.
(LX) Keltron Magnatics Limited.
(LXI) Keltron Resistors Limited.
(LXII) Keltron Power Devices Limited.
(LXIII) Keltron Rectifiers Limited.
(LXIV) Keltron Component Complex Limited.
(LXV) Sidkel Televisions Limited.
(LXVI) The Metal Industries Limited.
(LXVII) Steel Complex Limited.
(LXVIII) Astral Watches Limited.
(LXIX) Kerala Automobiles Limited.
(LXX) Sidco Mohan Kerala Limited.
(LXXI) Steel and Industrial Forgerings Limited.

(LXXII) Autokast Limited.
(LXXIII) Kerala Construction Components Limited
(LXXIV) Kerala State Detergents and Chemicals Limited
(LXXV) Malabar Cements Limited
(LXXVI) Kerala State Salicylate and Chemicals Limited
(LXXVII) Travancore Cements Limited
(LXXVIII) Kerala State Textile Corporation Limited
(LXXIX) Kerala Garments Limited
(LXXX) Sitaram Textiles Limited
(LXXXI) The Metropolitan Engineering Company Limited
(LXXXII) The Chalakudy Refractories Limited
(LXXXIII) Kerala Clays and Ceramics Products Limited
(LXXXIV) Kerala Special Refractories Limited
(LXXXV) Kerala Asbestos Cements Pipe Factory Limited
(LXXXVI) Kerala State Bamboo Corporation Limited
(LXXXVII) Meat Products of India Limited
(LXXXVIII) Oil Palm India Limited
(IXC) Kerala State Handloom Development Corporation Limited
(XC) Foam Mattings (India Limited)
(XCI) Kerala State Handicapped Persons Welfare Corporation Limited
(XCII) Kerala Inland Fisheries Development Corporation Limited
(XCIII) Kerala Artisans Development Corporation Limited
(XCIV) Kerala School Teachers and Non-teaching Staff Welfare Corporation Limited
(XCV) Kerala State Palmyrah Products Development and Workers Welfare Corporation Limited

By order of the Governor,

P. SHANMUGASUNDARAM,

*Commissioner and Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

The following are Companies as defined in sub-section (b) of section 2 of the Kerala Public Service Commission (Additional Functions as Respects Certain Corporations and Companies) Act, 1970 (19 of 1970). It is necessary to include these companies also in the Kerala Public Service Commission (Consultation by Corporations and Companies) Rules, 1971, so that these companies may seek the advice of the Public Service Commission on matters relating to the methods of recruitment of its employees.

Keltron Counters Limited.
Keltron Electro Ceramics Limited.
Keltron Crystals Limited.



Keltron Magnatics Limited.
Keltron Resistors Limited.
Keltron Power Devices Limited.
Keltron Rectifiers Limited.
Keltron Component Complex Limited.
Sidkel Televisions Limited.
The Metal Industries Limited.
Steel Complex Limited.
Astral Watches Limited.
Kerala Automobiles, Limited.
Sidco Mohan Kerala Limited.
Steel and Industrial Foregetings Limited.
Autokast Limited.
Kerala Construction Components Limited.
Kerala State Detergents and Chemicals Limited.
Malabar Cements Limited.
Kerala State Salicylates and Chemicals Limited.
Travancore Cements Limited.
Kerala State Textile Corporation Limited.
Kerala Garments Limited.
Sitaram Textiles Limited.
The Metropolitan Engineering Company Limited.
The Chalakudy Refractories Limited.
Kerala Clays and Ceramics products Limited.
Kerala Special Refractories Limited.
Kerala Asbestos Cements Pipe Factory Limited.
Kerala State Bamboo Corporation Limited.
Meat Products of India Limited.
Oil Palm India Limited.
Kerala State Handloom Development Corporation Limited.
Foam Mattings (India Limited).
Kerala State Handicapped Persons Welfare Corporation Limited.
Kerala Inland Fisheries Development Corporation Limited.
Kerala Artisans Development Corporation Limited.
Kerala School Teachers and Non-teaching Staff Welfare Corporation Limited.
Kerala State Palmyrah Products Development and Workers' Welfare Corporation Limited.

This notification is intended to achieve the above object.

To

The Chief Executives of Government owned Companies and Corporations.
All Departments (all sections) of the Secretariat including Law, Finance and Legislature Secretariat.
The Secretary, K. P. S. C. (with C. L.)
The Registrar, High Court of Kerala, Ernakulam (with C. L.)
The Secretary, K. S. E. B. (with C. L.)

# കേരള സർക്കാർ

## സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്—സർക്കാർ സർവ്വീസിലും പൊതു മേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലും സർവ്വകലാശാല കളിലും പിന്നോക്ക വിഭാഗങ്ങളിലെ ജീവനക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച പഠനം നടത്തിയ ജസ്റ്റീസ് ശ്രീ. കെ. കെ. നരേന്ദ്രൻ ചെയർമാനായുള്ള കമ്മീഷന്റെ കണ്ടെത്തലുകളെത്തുടർന്ന് പിന്നോക്ക ജനവിഭാഗങ്ങളുടെ അവസരങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്

**സ. ഉ. (പി) നമ്പർ 8/06/പജപവവിവ.** തിരുവനന്തപുരം, 2006 ഫെബ്രുവരി 2

---

പരാമർശം :—1. 11-2-2000-ലെ എസ്. ആർ. ഒ. 136/2000-ാം നമ്പർ സർക്കാർ വിജ്ഞാപനം.

2. ജസ്റ്റീസ് കെ. കെ. നരേന്ദ്രൻ കമ്മീഷൻ 9-11-2001-ൽ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട്.

## ഉത്തരവ്

1. സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും പിന്നോക്ക വിഭാഗങ്ങളിലെ ജീവനക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച പഠനം നടത്തിയ ജസ്റ്റീസ് ശ്രീ. കെ. കെ. നരേന്ദ്രൻ ചെയർമാനായുള്ള കമ്മീഷന്റെ കണ്ടെത്തലുകളെത്തുടർന്നുള്ള നടപടികളെക്കുറിച്ച് വിശദമായ പഠനങ്ങളും കൂടുതൽ ചർച്ചകളും അനിവാര്യമാണെന്ന് സർക്കാർ കരുതുന്നു. അതിലേക്കാവശ്യമായ നടപടികൾ സർക്കാർ എടുക്കുന്നതാണ്. എന്നാൽ ഭാവിയിൽ ആർക്കും അവസരങ്ങൾ നഷ്ടപ്പെടില്ലെന്ന് ഗവൺമെന്റ് ഉറപ്പുവരുത്തുന്നതാണ്

2. പിന്നോക്ക ജനവിഭാഗങ്ങളുടെ അവസരങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിന് എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണത്തോടെ താഴെപ്പറയുന്ന കാര്യങ്ങൾ അംഗീകരിച്ച് നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ച് ഉത്തരവാകുന്നു

GCPT. 3/588/2006/DTP.

3. പിന്നോക്ക വിഭാഗങ്ങളുടെ സംവരണ ശതമാനം പൂർണ്ണമായും ഓരോ വിഭാഗത്തിനും തുടർന്ന് ലഭിക്കും എന്ന് ഉറപ്പുവരുത്തുന്നതാണ്. ഇനിമുതൽ നിയമനങ്ങളിൽ സംവരണ സമുദായങ്ങൾക്കുള്ള നിലവിലുള്ള നിശ്ചിത ശതമാനം ഉദ്യോഗാർത്ഥികൾ ഒരു റാങ്ക് ലിസ്റ്റിൽ ഇല്ലാതെ വന്നാൽ ആ അവസരം പ്രസ്തുത സമുദായത്തിന് നഷ്ടപ്പെടാതിരിക്കുവാൻ ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കും.

4. നിലവിൽ ഒരു പിന്നോക്ക സമുദായത്തിന്റെ ടേൺ ആ വിഭാഗത്തിൽപ്പെട്ടവരുടെ അഭാവത്തിൽ തൊട്ടടുത്ത സമുദായത്തിനോ അല്ലെങ്കിൽ മെറിറ്റു ക്വാട്ടയിലേക്കോ മാറ്റുന്നത് കൂടരാതിരിക്കാൻ ഏതെങ്കിലും പിന്നോക്ക സമുദായക്കാരുടെ ടേൺ അവരുടെ അഭാവത്തിൽ വേക്കന്റായി ഒഴിച്ചിടേണ്ടതാണ്. കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾ-15 (a) താഴെ പറയുംപ്രകാരം ഇതിനായി ഭേദഗതി ചെയ്യുന്നതാണ്.

5. 15 (a) The integrated cycle combining the rotation in clause (c) of rule 14 and sub-rotation in sub-rule (2) of rule 17 shall be as specified in the annexure to this part. Notwithstanding anything contained in these rules or in the special rules or in any other rules, if a suitable candidate is not available for selection from any particular community or group of communities specified in the annexure, such vacancy shall be kept unfilled, notified seperately as unfilled vacancy for that community or group of communities for that year and shall be filled by direct recruitment from among that community or group of communities.

6. If a suitable candidate is not available for selection from the group of communities classified as 'Scheduled Castes' in the turn allotted for such a group in the annexure that said group shall be passed over and the post shall be filled up by a suitable candidate from the group of communities classified as 'Scheduled Tribes' and vice-versa (ഇത്രയും ഇപ്പോൾ നിലവിലുള്ളതാണ്. ഇതിനുശേഷമുള്ള ഭാഗത്തിന് പ്രസക്തിയില്ലാത്തതുകൊണ്ട് നീക്കം ചെയ്യുന്നു.)

7. ഉപചട്ടം 'സി' ക്കും അതിനുള്ള ക്ലിപ്ത നിബന്ധനകൾക്കും പ്രസക്തി നഷ്ടപ്പെട്ടതിനാൽ അവ നീക്കം ചെയ്യേണ്ടതാണ്.

8. <u>കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടം 14 നുള്ള ഭേദഗതി.-</u> കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടം 14-ന്റെ അവസാന ഭാഗത്ത് 14 (e) ആയി താഴെ പറയും പ്രകാരമുള്ള ഒരു ക്ലിപ്ത നിബന്ധനകൂടി ചേർക്കേണ്ടതാണ്:

Provided further that the Public Service Commission shall publish an appointment chart showing seperately the candidates eligible to be selected on open competition basis and candidates eligible to be selected on reservation turns. (സംവരണ നിയമനങ്ങളെക്കുറിച്ച് സുതാര്യത ഉണ്ടാകുവാൻ വേണ്ടിയാണ് ഈ പുതിയ sub-clause.)

9. ഒരു റാങ്ക് ലിസ്റ്റ് പ്രാബല്യത്തിലുള്ള കാലയളവ് ഒരു സെലക്ഷൻ ഇയറാക്കി കണക്കാക്കുന്നതാണ്. ഇതിലേക്കാവശ്യമായ നിയമാനുസൃതമായ നടപടികൾ സർക്കാർ കൈക്കൊള്ളുന്നതാണ്.

10. പി. എസ്. സി. തയ്യാറാക്കുന്ന എല്ലാ റാങ്ക് ലിസ്റ്റുകളിലും സംവരണ സമുദായ ങ്ങൾക്കുള്ള സപ്ലിമെന്ററി ലിസ്റ്റുകളിൽ മതിയായ എണ്ണത്തിൽ ഉദ്യോഗാർത്ഥികളെ ഉൾപ്പെടു ത്താൻ ആവശ്യമായ നിർദ്ദേശം പി. എസ്. സി. ക്ക് നൽകും. അപേക്ഷകരിൽ നിശ്ചിത യോഗ്യതയുള്ളവർ ഉള്ളപക്ഷം ഒരു റാങ്കുലിസ്റ്റിലും സംവരണ സമുദായ അംഗങ്ങൾ റാങ്കു ലിസ്റ്റിൽ ഇല്ലാതെ വരുന്ന സാഹചര്യം ഉണ്ടാകാതിരിക്കുവാൻ ആവശ്യമായ റൂൾ ഭേദഗതി വരുത്തുന്നതാണ്. അതായത്, ആവശ്യത്തിന് യോഗ്യതയുള്ളവർ ഉണ്ടെങ്കിൽ അഞ്ചിരട്ടി വരെ പേരെ സപ്ളിമെന്ററി ലിസ്റ്റിൽ ഉൾപ്പെടുത്തും.

11. പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയിലെ നിയമനാധികാരം പി. എസ്. സി. ക്ക് വിടാൻ നടപടി സ്വീകരിക്കും.

12. ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥരും അംഗങ്ങളായി ഒ. ബി. സി. സംവരണം പൂർണ്ണമായും പാലിക്കുന്നത് ഉറപ്പുവരുത്തുവാൻ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കാര്യത്തിൽ നിലവിലുള്ളതുപോലെ മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു ഉന്നതതല മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കുന്നതാണ്.

13. ഭാവിയിലെ എല്ലാ താൽക്കാലിക നിയമനങ്ങളും സംവരണതത്വം പാലിച്ചുകൊണ്ടു തന്നെ ചെയ്യുകയുള്ളുവെന്ന് ഗവൺമെന്റ് ഉറപ്പുവരുത്തുന്നതാണ്.

14. ജനസംഖ്യയും സാമൂഹ്യപിന്നോക്കാവസ്ഥയും നിലവിലുള്ള സംവരണ സമുദാ യങ്ങളുടെ പ്രാതിനിധ്യവും പരിഗണിച്ച് സംവരണം പുനർനിർണ്ണയം ചെയ്യാൻ ഇന്ദിരാ സാഹ്നി കേസിലെ സുപ്രീംകോടതി വിധിയുടെ നിർദ്ദേശം അനുസരിച്ച് സ്ഥിരം കമ്മീഷനെ നിയമിക്കുന്നതാണ്.

15. മുകളിൽ സ്വീകരിക്കുന്ന നടപടികൾ മുഖേന സംവരണ സമുദായങ്ങൾക്ക് നിയമ പരമായി ഉദ്യോഗങ്ങളിൽ ലഭിക്കേണ്ട സംവരണ ക്വാട്ട ഭാവിയിൽ നഷ്ടപ്പെടാതെ ലഭ്യമാകു മെന്ന് സർക്കാർ ഉറപ്പുവരുത്തുന്നു. പിന്നോക്ക സമുദായ അംഗങ്ങൾക്ക് ഇന്നുവരെ ഉണ്ടാ യിട്ടുള്ള സംവരണ കുറവുകൾ പരിഹരിക്കുന്നതിനുള്ള ചർച്ചകളും മറ്റ് നടപടികളും സർക്കാർ തുടരുന്നതാണ്.

## വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ പ്രത്യേകമായി പരിശോധിച്ചതിന്റെ വെളിച്ചത്തിൽ താഴെപ്പറയുന്ന തീരുമാനം കൈക്കൊള്ളുന്നു.

ഗവൺമെന്റ് കോളേജുകളിലെ 'Degree-Post Graduate' ക്ലാസ്സുകളിലെ പ്രവേശന ത്തിന് പിന്നോക്ക സമുദായങ്ങൾക്ക് 20% സീറ്റ് സംവരണം ചെയ്യുന്നതാണ്. പട്ടികജാതി പട്ടികവർഗ്ഗ സമുദായങ്ങൾക്കു നിലവിലുള്ള 20% സംവരണം തുടരും. മുന്നോക്ക സമുദായ ങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് 10% സീറ്റ് നീക്കിവയ്ക്കുന്നതുമാണ്. 50%

സീറ്റും മെരിറ്റ് സീറ്റായി നിലനിൽക്കുന്നതാണ്. എന്നാൽ സ്വകാര്യ കോളേജുകളിലെ അഡ്മിഷൻ Direct Payment Agreement പ്രകാരമായിരിക്കും നടക്കുന്നത്.

ഈ ഉത്തരവിലെ ബന്ധപ്പെട്ട ഖണ്ഡികകളിൽ, അതാത് വകുപ്പുകൾ തുടർ നടപടികൾ കൈക്കൊള്ളുന്നതും ആവശ്യമായ പക്ഷം സർക്കാർ ഉത്തരവുകളും വിജ്ഞാപനങ്ങളും പുറപ്പെടുവിക്കുന്നതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

മുഹമ്മദ് റിയാസുദ്ദീൻ,
ചീഫ് സെക്രട്ടറി.

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും.

എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും സ്പെഷ്യൽ സെക്രട്ടറിമാർക്കും അഡീഷണൽ സെക്രട്ടറിമാർക്കും ജോയിന്റ് സെക്രട്ടറിമാർക്കും ഡെപ്യൂട്ടി സെക്രട്ടറിമാർക്കും അണ്ടർ സെക്രട്ടറിമാർക്കും.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം

എല്ലാ വകുപ്പ് മേധാവികൾക്കും/സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികൾക്കും.

രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം.

സെക്രട്ടറി, കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള, കൊച്ചി, കോഴിക്കോട്, കണ്ണൂർ സർവ്വകലാശാലകൾ.

രജിസ്ട്രാർ, മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം.

രജിസ്ട്രാർ, സംസ്കൃത യൂണിവേഴ്സിറ്റി, കാലടി.

രജിസ്ട്രാർ, കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കേരളം.

സെക്രട്ടറി, മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.

രജിസ്ട്രാർ, ലോകായുക്ത/ഗവർണ്ണറുടെ സെക്രട്ടറിക്ക്.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ, ഗവൺമെന്റ് ചീഫ് വിപ്പ്, പ്രതിപക്ഷ നേതാവ് എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

---